(സി) പ്രസ്തുത പാലത്തിന്റെ പണി 31.12.2000-ൽ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

91 (235) കനോലി കനാലിന്റെ പുനർനിർമ്മാണം

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കനോലി കനാലിന്റെ പുനർനിർമ്മാണ പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തിക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചെന്ന് വിശദമാക്കുമോ;

(സി) ഇതിനു കൂറുകെയുള്ള പാലങ്ങൾ ഏതെല്ലാമാണ് പുനർ നിർമ്മാണം നടത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് കനോലി കനാലിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ 1997-98 സാമ്പത്തിക വർഷത്തിൽ തുടങ്ങി. കനാലിന്റെ മൊത്തമുള്ള 11.2 കി.മീറ്റർ നീളം 16 ഭാഗങ്ങളായി തിരിച്ചാണ് ടെണ്ടർ ചെയ്തത്. ഇവയിൽ 5, 16 ഭാഗങ്ങൾ ഒഴിച്ച് ബാക്കിയുള്ള 14 ഭാഗങ്ങളുടേയും പണി വിവിധ ഘട്ടങ്ങളിലാണ്. 6 ഭാഗങ്ങളുടെ പണി 80 ശതമാനവും ഒരു ഭാഗത്തിന്റേതു 100 ശതമാനവും, 2 ഭാഗങ്ങളുടേത് 50 ശതമാനവും, 3 ഭാഗങ്ങളുടേത് 60 ശതമാനവും ബാക്കി 2 ഭാഗങ്ങളുടേത് 30 ശതമാനവും പണി പൂർത്തിയായിട്ടുണ്ട്. 5,16 ഭാഗങ്ങളുടെ പണി വീണ്ടും ദർഘാസ് ക്ഷണിക്കേണ്ടതുണ്ട്. അങ്ങനെ ഏകദേശം 55% പണി പൂർത്തിയായിട്ടുണ്ട്.

(ബി) നാളിതുവരെ 471,10,799 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) വാഹന ഗതാഗതമുള്ള രണ്ടു വലിയ പാലങ്ങൾ (പുതിയറ പാലവും, പുതിയ പാലവും) പുതുക്കി പണിയാൻ ഉദ്ദേശിക്കുന്നതു കൂടാതെ ആറു നടപ്പാലങ്ങൾ പുതുതായി പുതുക്കി പണിയാനുദ്ദേശിക്കുന്നു.

92 (236) കരാറുകാർക്ക് കുടിശ്ശിക കൊടുത്ത തീർക്കാൻ നടപടി

ശ്രീ. കെ. മുഹമ്മദാലി :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ.പി. വിശ്വനാഥൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് ജോലികൾ ചെയ്ത വകയിൽ 1999 മാർച്ച് 31 വരെ എന്തു തുക കരാരുകാർക്ക് കൊടുത്ത തീർക്കാനുണ്ട്;

(ബി) ഏതുവർഷം മുതലുള്ള തുക കുടിശ്ശികയായിട്ടുണ്ട്;

(സി) കരാറുകാർക്ക് കൊടുക്കാനുള്ള തുക രണ്ട് വർഷത്തിനകം ഘട്ടംഘട്ടമായി കൊടുക്കുമെന്ന് ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ ഉറപ്പുനൽകിയിരുന്നോ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly